(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രി കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രി കെട്ടിടത്തിന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴിമണ്ണ ഡിസ്പെൻസറിക്കുവേണ്ടി സർക്കാർ തലത്തിൽ ഭൂമി അക്വയർ ചെയ്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം തുടർനിയമനം ലഭിക്കുന്നതിന് നടപടി

145 [1326] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ സീവിൽ സർജനായി ജോലി നോക്കിയിരുന്ന ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം ജോലിയിൽ പ്രവേശിക്കുവാൻ ഉത്തരവ് നൽകിയിട്ടില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡോക്ടർ ഉഷാദേവി 1-10-1992 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ, ടി ഡോക്ടറുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശിക്ഷണ നടപടികൾ സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

എറണാകുളം ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ നികത്താൻ നടപടി

146 [1327] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഇതിനായി പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവിലേക്ക് പി.എസ്.സി. അപേക്ഷ എന്നാണ് ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളാണ് അന്ന് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 138 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ക്ക് അറിയിച്ച ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്റ്റൈപ്പൻഡറി ട്രെയിനുള്ളവർ ജോലി ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചതെന്നാണ് എന്നുള്ള വിവരം ശേഖരിച്ചുവരുന്നു. 138 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്.

(ഡി) ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലിസ്റ്റ് ലഭ്യമായിട്ടില്ല. ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

വില കുറയ്ക്കാൻ കഴിഞ്ഞ നിത്യോപയോഗ സാധനങ്ങൾ

147 [1328] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, സത്യൻ മൊകേരി:
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു കമ്പോളത്തിൽ വില കുറയ്ക്കുവാൻ കഴിഞ്ഞ നിത്യോപയോഗ സാധനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ആയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന വില വർദ്ധനവ് ഇവിടെയും പ്രതിഫലിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില കുറഞ്ഞരീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുള്ള നമ്മുടെ പൊതുവിതരണ സമ്പ്രദായവും സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണവും മൂലം വില കുതിച്ചു കയറുന്നത് വലിയൊരു

LIBRARY ARCHIVES Kerala Legislative Assembly